"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- മട്ടന്നൂർ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന കുമാരി. വൈശാലി കെ.അരവിന്ദിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.364/2026/LSGD തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-
1. 16.04.2025 തീയതിയിലെ സ.ഉ(സാധാ) നം.986/2025/തസ്വഭവ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2026 തിയതിയിലെ LSGD/PD/36948/2025-DEC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മട്ടന്നൂർ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന കുമാരി വൈശാലി കെ.അരവിന്ദ് എന്നവർക്ക് സിവിൽ സർവ്വീസ് പരീക്ഷക്കുള്ള പരിശീലനാർത്ഥം 31.12.2025 വരെ പരാമർശം 1 പ്രകാരം, അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.01.2026 മുതൽ 30.06.2027 വരെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനായി കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിച്ചതനുസരിച്ച് പ്രസ്തുത അവധി അനുവദിക്കുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം 2 കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം മട്ടന്നൂർ നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന കുമാരി. വൈശാലി കെ.അരവിന്ദിന് സിവിൽ സർവ്വീസ് പരീക്ഷക്കുള്ള പരിശീലനാർത്ഥം പരാമർശം 1 ഉത്തരവ് പ്രകാരം, അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.01.2026 മുതൽ 30.06.2027 വരെ, കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B യിലെ

വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**LALI K**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കുമാരി.വൈശാലി കെ.അരവിന്ദ്, ക്ലർക്ക്, മട്ടന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, മട്ടന്നൂർ നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-02-2026 10:53:55
സെക്ഷൻ ഓഫീസർ